**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4996** **01-11-2021 - ൽ മറുപടിയ്ക്ക്**

**2019-ലെ പ്രളയസഹായം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ ദുരിതം നേരിട്ടവർക്കുള്ള ധനസഹായം ഇതുവരെ ലഭിക്കാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷകൾ പുന:പരിശോധന നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ ; | (എ) | 2019-ലെ പ്രളയബാധിതരിൽ ധനസഹായത്തിന് അർഹതയുണ്ടായിരുന്നിട്ടും ഏതെങ്കിലും കാരണത്താൽ ധനസഹായം ലഭ്യമാകാതിരുന്നവർക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതിനായി റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള Relief Module ൽ Persons deserved for financial assistance in flood 2019 എന്ന മെനുവിൽ emergency assistance, house damage എന്നീ ഫീൽഡുകൾ അധികമായി ചേർക്കുന്നതിനും ഏതെങ്കിലും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ ഈ ആളുകളെ ഉൾപ്പെടുത്തുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ 23/09/2021 ലെ LR/1517/2021.LR (H2) നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ തഹസിൽദാർമാർ പോർട്ടലിൽ രേഖപ്പെടുത്തി വരുകയും ചെയ്യുന്നു. |
| (ബി) | അർഹരായവർക്ക് പ്രസ്തുത ധനസഹായം സമയബന്ധിതമായി നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | അക്കൗണ്ട് നമ്പരിലെ പിശക് കാരണവും, ഗുണഭോക്താക്കൾ മതിയായ രേഖകൾ ലഭ്യമാക്കാത്തത് കാരണവും, Rebuild Kerala മൊബൈൽ ആപ്ലിക്കേഷനിലെ സാങ്കേതിക തകരാറുകാരണവും, ഭൂമിയും വീടും വാസയോഗ്യമല്ലാതായ കുടുംബങ്ങൾ സമയബന്ധിതമായി ഭൂമി കണ്ടെത്തി സമർപ്പിക്കാത്തതും, വീട് നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി ഹാജരാക്കാത്തതും മൂലവും ചില കേസുകളിൽ ധനസഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. 2019-ലെ പ്രളയബാധിതരിൽ ധനസഹായത്തിന് അർഹതയുണ്ടായിരുന്നിട്ടും ഏതെങ്കിലും കാരണത്താൽ ധനസഹായം ലഭ്യമാകാതിരുന്ന കേസുകൾ ഇപ്പോൾ റിലീഫ് പോർട്ടൽ മുഖേന |

| | | | |
|---|---|---|---|
| | | | പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ? | (സി) | അക്കൗണ്ട് നമ്പരിലെ പിശക് കാരണവും, ഗുണഭോക്താക്കൾ മതിയായ രേഖകൾ ലഭ്യമാക്കാത്തത് കാരണവും, Rebuild Kerala മൊബൈൽ ആപ്ലിക്കേഷനിലെ സാങ്കേതിക തകരാറുകാരണവും, ഭൂമിയും വീടും വാസയോഗ്യമല്ലാതായ കുടുംബങ്ങൾ സമയബന്ധിതമായി ഭൂമി കണ്ടെത്തി സമർപ്പിക്കാത്തതും, വീട് നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി ഹാജരാക്കാത്തതും മൂലവും ചില കേസുകളിൽ ധനസഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. 2019-ലെ പ്രളയബാധിതരിൽ ധനസഹായത്തിന് അർഹതയുണ്ടായിരുന്നിട്ടും ഏതെങ്കിലും കാരണത്താൽ ധനസഹായം ലഭ്യമാകാതിരുന്ന കേസുകൾ ഇപ്പോൾ റിലീഫ് പോർട്ടൽ മുഖേന പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ